**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5957** **09-07-2024 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ സെസ് ഇനത്തിൽ ലഭിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2023 ഏപ്രിൽ 1 മുതൽ ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന് 500 രൂപ മുതൽ 999 വരെയുള്ള ബോട്ടിലുകളിന്മേൽ 20 രൂപ നിരക്കിലും 1000 രൂപയ്ക്ക് മുകളിലുള്ള ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന് 40 രൂപ നിരക്കിലും ഏർപ്പെടുത്തിയ സാമൂഹ്യ സുരക്ഷാ സെസ് വഴി 2024 മെയ് 31 വരെ എത്ര രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ടെന്ന് അറിയിക്കാമോ; മാസം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | 2023 ലെ കേരള ധനകാര്യ നിയമപ്രകാരം സംസ്ഥാനത്ത് ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന് സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയതു വഴി 2023-24, 2024-25 (2024 മേയ് 31 വരെ) സാമ്പത്തിക വർഷങ്ങളിൽ പിരിഞ്ഞു കിട്ടിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി (അനുബന്ധം-1) ചേർക്കുന്നു. |
| (ബി) | 2023 ഏപ്രിൽ 1 മുതൽ 2024 മെയ് 31 വരെ പെട്രോളിനും ഡീസലിനും പ്രതി ലിറ്ററിന് രണ്ട് രൂപ നിരക്കിൽ സാമൂഹ്യ സുരക്ഷാ സെസ് ഇനത്തിൽ പിരിച്ചെടുത്ത തുക എത്രയാണെന്ന് ഇനം, മാസം എന്നിവ തിരിച്ച് കണക്ക് ലഭ്യമാക്കാമോ; പ്രസ്തുത തുക സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് മുതൽ കൂട്ടുകയാണോ ചെയ്യുന്നത്; പ്രഖ്യാപിതവും പ്രത്യേക ലക്ഷ്യത്തോടുകൂടിയും പിരിച്ച തുക സർക്കാരിന്റെ സഞ്ചിത നിധിയിൽ മുതൽ കൂട്ടുന്നതിന് അക്കൗണ്ടന്റ് ജനറലിന്റെ പ്രത്യേക അനുമതി വാങ്ങിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | 2023 ലെ കേരള ധനകാര്യ നിയമപ്രകാരം സംസ്ഥാനത്ത് പെട്രോളിനും ഡീസലിനും സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയതു വഴി 2023-24, 2024-25 (2024 മേയ് 31 വരെ) സാമ്പത്തിക വർഷങ്ങളിൽ പിരിഞ്ഞു കിട്ടിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി (അനുബന്ധം-2) ചേർക്കുന്നു.<br><br>സെസ്സ് ഉൾപ്പെടെ വരവ് ഇനത്തിൽ ലഭിക്കുന്ന തുകകൾ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വരവ് വയ്ക്കുകയും, ക്ഷേമപെൻഷനുകൾക്കുള്ള ചെലവുകൾ ബന്ധപ്പെട്ട ബഡ്ജറ്റ് ശീർഷകങ്ങളിൽ (2235-60-102-89 (NPV)) വകയിരുത്തിയ തുകയിൽ നിന്നും അപ്രോപ്രിയേഷൻ നിയന്ത്രണത്തിന് വിധേയമായി ചെലവഴിക്കുകയുമാണ് ചെയ്യുന്നത്. നിലവിൽ പെൻഷൻ വിതരണത്തിനാവശ്യമായ തുക ബന്ധപ്പെട്ട ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് ചെലവഴിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം - 1**

ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന് സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയതു വഴി 2023-24, 2024-25 (2024 മേയ് 31 വരെ) സാമ്പത്തിക വർഷങ്ങളിൽ പിരിഞ്ഞു കിട്ടിയ തുകയുടെ വിശദാംശങ്ങൾ

(തുക കോടിയിൽ)

| **ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിൽ ചുമത്തപ്പെടുന്ന സാമൂഹ്യ സുരക്ഷാ സെസ് (ഫിനാൻസ് ആക്ട്-2023 പ്രകാരം)** | **സെസ്സ് ഇനത്തിൽ ലഭിച്ച തുക** | |
|---|---|---|
| | **2023-24 (Provisional)** | **2024-25 (Provisional)** |
| ഏപ്രിൽ | ** | 17.46 |
| മെയ് | 20.7 | 19.28 |
| ജൂൺ | 21.18 | |
| ജൂലൈ | 18.79 | |
| ആഗസ്റ്റ് | 18.67 | |
| സെപ്റ്റംബർ | 23.95 | |
| ഒക്ടോബർ | 18.8 | |
| നവംബർ | 17.83 | |
| ഡിസംബർ | 17.62 | |
| ജനുവരി | 21.99 | |
| ഫെബ്രുവരി | 19.65 | |
| മാർച്ച് | 17.95 | |
| **ആകെ** | **217.13** | **36.74** |

** 2023 ഏപ്രിൽ 1 മുതലാണ് ഫിനാൻസ് ആക്ട്-2023 പ്രകാരം സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയത്.

**സെക്ഷൻ ഓഫീസർ**

**<u>അനുബന്ധം-2</u>**

<u>പെട്രോളിനും ഡീസലിനും സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയതു വഴി 2023-24, 2024-25 (2024 മേയ് 31 വരെ) സാമ്പത്തിക വർഷങ്ങളിൽ പിരിഞ്ഞു കിട്ടിയ തുകയുടെ വിശദാംശങ്ങൾ</u>

(തുക കോടിയിൽ)

| **പെട്രോളിയം ഉൽപന്നങ്ങളിൽ ചുമത്തപ്പെടുന്ന സാമൂഹ്യ സുരക്ഷാ സെസ് (ഫിനാൻസ് ആക്ട്-2023 പ്രകാരം)** | **സെസ്സ് ഇനത്തിൽ ലഭിച്ച തുക** | |
|---|---|---|
| | **2023-24 (Provisional)** | **2024-25 (Provisional)** |
| ഏപ്രിൽ | ** | 5.98 |
| മെയ് | 80.80 | 90.63 |
| ജൂൺ | 95.60 | |
| ജൂലൈ | 84.16 | |
| ആഗസ്റ്റ് | 79.53 | |
| സെപ്റ്റംബർ | 91.80 | |
| ഒക്ടോബർ | 83.94 | |
| നവംബർ | 84.95 | |
| ഡിസംബർ | 85.01 | |
| ജനുവരി | 88.40 | |
| ഫെബ്രുവരി | 93.68 | |
| മാർച്ച് | 86.45 | |
| **ആകെ** | **954.32** | **96.61** |

** 2023 ഏപ്രിൽ 1 മുതലാണ് ഫിനാൻസ് ആക്ട്-2023 പ്രകാരം സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയത്.

**സെക്ഷൻ ഓഫീസർ**